| 03-03-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, ബാബ വന്നിരിക്കുകയാണ് നിങ്ങളെ സത്യം സത്യമായ വൈഷ്ണവരാക്കി മാറ്റാൻ, നിങ്ങളിപ്പോൾ ട്രാൻസ്ഫറായി കറുത്തതിൽ നിന്നും വെളുത്തവരായി മാറിക്കൊണ്ടിരിക്കുകയാണ്.**

**ചോദ്യം** : സർവ്വരുടേയും മനോകാമനകളെ പൂർത്തീകരിച്ചുകൊടുക്കുന്ന നിങ്ങളുടെ ടൈറ്റിൽ എന്താണ്? നിങ്ങൾക്ക് ഏതു ആഗ്രഹമാണ് പൂർത്തീകരിക്കേണ്ടത്?

**ഉത്തരം** : നിങ്ങൾ സർവ്വരുടേയും മനോകാമനകളെ പൂർത്തീകരിച്ചു കൊടുക്കുന്ന ജഗത് അംബയുടെ കുട്ടികളായ കാമധേനുക്കളാണ്. സർവ്വരുടേയും ആഗ്രഹമാണ് - നമുക്ക് മുക്തിയും ജീവൻ മുക്തിയും പ്രാപ്തമാക്കണം. നിങ്ങൾ ജഗദംബ-ജഗത് പിതാവിന്റെ കുട്ടികൾ സർവ്വർക്കും മുക്തി-ജീവൻ മുക്തി യുടെ വഴി പറഞ്ഞുകൊടുത്തുകൊണ്ടിരിക്കൂ, ഇതു തന്നെയാണ് നിങ്ങളുടെ ജോലി.

**ഗീതം:** അംബേ നീ ജഗദംബയാണ് . . . . . . . .

**ഓം ശാന്തി.** ഇത് മമ്മയെക്കുറിച്ച് ഭക്തർ പാടുന്ന മഹിമയാണ്. പറയുകയാണ്, ഭക്തരുടെ രക്ഷ ചെയ്യുന്നവരേ. ഇത് ഭക്തി മാർഗ്ഗത്തിലെ മഹിമയാണ്. മമ്മയുടെ മഹിമ ശിവബാബയുടെ മഹിമയുടെ തൊട്ടുപിറകിലാണ്, പരമപിതാ പരമാത്മാ ശിവബാബ വന്നതിനു ശേഷമാണ് ജഗദംബയെ രചിക്കുന്നത്. രചിക്കുക എന്നതിന്റെ അർത്ഥം തന്നെ ട്രാൻസ്ഫറാക്കുക (പരിവർത്തനപ്പടുത്തുക) എന്നതാണ്. കറുത്തവരെ വെളുത്തവരാക്കുന്നു. ഈ സമയത്ത് ഒരേയൊരു ജഗദംബയെയുള്ളൂ. ഏതുപോലെ ശിവബാബയുടെ ചിത്രം ഒന്നുമാത്രമേയുള്ളൂ, പിന്നീട് അനേകാനേക പേരുവെച്ച് അനേകാനേക ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു, അനേക പ്രകാരത്തിലുള്ള മഹിമയും പാടുന്നു, പരമപിതാ പരമാത്മാവ് ഒന്നുമാത്രമാണ്. അതേ പോലെ ജഗത് അംബയും ഒന്നുമാത്രമേയുള്ളൂ. രണ്ടു കൈകൾ മാത്രമേയുള്ളൂ. 8 കൈകളുള്ള ഒരു ദേവീ-ദേവതയുമില്ല. പ്രജാപിതാ ജഗത് അംബയ്ക്കും രണ്ടുകൈകളേയുള്ളൂ. ജഗത് അംബയുടെ മഹിമ അധികം കൽക്കത്തയിലാണുള്ളത്. കൽക്കത്തയിലെ കാളി വളരെ പ്രസിദ്ധമാണ്. അവരുടെ ചിത്രവും വളരെ ഭയാനകമായി ഉണ്ടാക്കിയിട്ടുണ്ട്. തലയോട്ടിയുടെ മാലയും ധരിക്കുന്നു. ഇതെല്ലാം ഭക്തിമാർഗ്ഗമാണ്. ജഗത് അംബക്ക് ബലി സ്വീകരിക്കാൻ കഴിയുകയില്ല. അവർ ലോകത്തെ രചിക്കുന്നവരാണ്. അവർ എങ്ങിനെ ബലി സ്വീകരിക്കും അഥവാ മാംസം ഭക്ഷിക്കും? അവരുടെ ക്ഷേത്രം കൽക്കത്തയിൽ മാത്രമല്ല, പല സ്ഥലങ്ങളിലുമുണ്ട്. മാതാവ് തന്റെ കുട്ടികളുടെ ബലി സ്വീകരിക്കുമോ? ഭക്തിമാർഗ്ഗം എത്ര കടുത്തതാണ്. ജഗത് അംബക്ക് ഇത്രയും ഭയാനക രൂപമില്ല എന്ന് അവരോട് ആർക്ക് പറഞ്ഞു കൊടുക്കാൻ കഴിയും. മാത്രമല്ല ഇങ്ങനെയുള്ള ബലിയും എടുക്കുന്നില്ല. ഇതിൽ ഒന്ന് വൈഷ്ണവ ദേവിയും വേറെയൊന്ന് മാംസം കഴിക്കുന്ന ദേവിയുമായി കാണിക്കുന്നു. ഇപ്പോൾ ആരാണോ മാംസഭുക്ക് അവർ വൈഷ്ണവരായി മാറുന്നു. മമ്മ കുമാരിയാണ്, ഒരു പക്ഷെ മാംസമൊന്നും കഴിച്ചുകാണില്ല. ജഗത് അംബ ബ്രഹ്മാവിന്റെ പുത്രി, കുമാരിയാണ്. ഇപ്പോൾ കുമാരിയെ എങ്ങിനെ അമ്മ എന്നു പറയും, ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. കൽക്കത്തയിൽ വളരെയധികം പൂജ നടക്കുന്നു. വളരെ ഭയാനക രൂപമാണ് ഉണ്ടാക്കിയിരിക്കുന്നത്, ജഗത് അംബക്ക് ഒരിക്കലും ഇങ്ങനെ രൂപമുണ്ടാകുകയില്ല. അവർ സർവ്വരുടേയും മനോകാമനകളെ പൂർത്തീകരിച്ച് കൊടുക്കുന്നവരാണ്. അവർ സത്യം സത്യമായ വൈഷ്ണവീ ദേവിയാണ്. ഇതിന്റെ മുമ്പത്തെ ജന്മത്തിൽ തീർച്ചയായും മാംസഭുക്കായിരിക്കും. പിന്നീട് വൈഷ്ണവ് അഥവാ പാവന ദേവീഗുണമുള്ളവരായി മാറുകയാണ്. ഇതെല്ലാം സംഗമയുഗത്തിലെ കാര്യമാണ്. അതുകൊണ്ട് ജഗത് അംബയുടെ ക്ഷേത്രത്തിൽ പോയി മഹിമ പാടണം. ഒന്നാമതായി പറയണം നിരാകാര ആത്മാക്കളുടെ അച്ഛൻ ഒന്നാണ്. സാകാര പ്രജാപിതാ ബ്രഹ്മാവും ഒന്നാണ്. പിന്നെയൊന്നാണ് ബ്രഹ്മാവിന്റെ പുത്രി സരസ്വതി, അവർ ഒരിക്കലും ബലി മുതലായതൊന്നും സ്വീകരിക്കുകയില്ല. ആദ്യം സുന്ദരിയായിരുന്നു, പിന്നീട് കറുത്തു പോയി, വീണ്ടും സുന്ദരിയായി മാറും. അപ്പോൾ മുഴുവൻ കുടുംബവും സുന്ദരമായി മാറും. അധികവും ജഗത് അംബക്ക് രണ്ടു കൈകളാണ് കാണിക്കുന്നത്. പറഞ്ഞുകൊടുത്താൽ ചിലർക്ക് മനസ്സിലാകും ചിലരാണെങ്കിൽ വഴക്കടിക്കാനും വരും. കുഴപ്പങ്ങൾ സൃഷ്ടിക്കാനും മടിക്കില്ല. അതുകൊണ്ട് പറഞ്ഞു കൊടുക്കുന്നവർ വളരെ മിടുക്കന്മാരായിരിക്കണം.

നിങ്ങൾ കുട്ടികൾ മംഗളകാരികളാണ്. മമ്മ പണ്ട് കൽക്കത്തയിൽ പോയിരുന്നു, പക്ഷെ അന്ന് ബാബ ഇങ്ങനെയുള്ള മുരളി പറഞ്ഞിരുന്നില്ല. ജഗത് അംബ ഒന്നുമാത്രം, നിങ്ങൾ കുട്ടികൾ അനേകമുണ്ട്. പേര് ഒരാളുടെയായിരിക്കുമല്ലോ. ഒരാളുടെയാണ് അനേക ക്ഷേത്രങ്ങളുണ്ടാക്കിയിരിക്കുന്നത്. ഇപ്പോൾ കൽക്ക

ത്തയിൽ ഭക്തരെ എങ്ങിനെ ഈ തരത്തിലുള്ള പൂജയിൽ നിന്ന് മുക്തമാക്കും? അവരേയും പൂജ്യരാക്കി മാറ്റണമല്ലോ! അവിടെപ്പോയി ആരെങ്കിലും പറഞ്ഞുകൊടുക്കണം. ഈ സമയത്ത് സർവ്വരുടേയും മനോ കാമനകൾ പൂർത്തീകരിച്ച് കൊടുക്കുന്ന ആ ജഗദംബ ഇവിടെ ഇരിക്കുകയാണ്. അവർ കാമധേനുവാണ്. ഏതു രീതിയിലാണ് കാമനകളെ പൂർത്തീകരിച്ചു കൊടുക്കുന്നത്, ഇത് ആർക്കും അറിയുകയില്ല. നിങ്ങ ളാണ് കാമധേനു, ജഗദംബയുടെ കട്ടികൾ. കേവലം ഗോമാതാവല്ല, പുരുഷന്മാരുമുണ്ട്. നിങ്ങളുടെ ജോലി തന്നെ എല്ലാവരുടേയും മനോകാമനകളെ പൂർത്തീകരിച്ചുകൊടുക്കുക എന്നതാണ്. ചില സ്ഥലങ്ങളിൽ സഹോദരന്മാരാണ് സെന്റർ നടത്തുന്നത് അവരുടെ ബുദ്ധിയിൽ വരികയാണ് നമ്മളും സർവ്വരുടേയും മനോകാമനകളെ പൂർത്തീകരിച്ച് കൊടുത്ത് മുക്തി ജീവൻമുക്തിയുടെ വഴി പറഞ്ഞുകൊടുക്കും, സ്വർഗ്ഗ ത്തിന്റെ സമ്പത്ത് നൽകും. കല്പം മുമ്പെ എടുത്തവർ മാത്രമേ എടുക്കുകയുള്ളൂ. ശരിയാണ്, അവിടെ സർവ്വ പ്രകാരത്തിലുമുള്ള സുഖം പ്രാപ്തമാകുന്നു. ജഗത് പിതാവിന്റെയും ജഗത് അംബയുടേയും രച യിതാവാണ് ശിവബാബ. ഇവർ മുഖേന എത്ര പേരുടെ മനോകാമനകളാണ് പൂർത്തീകരിക്കുന്നത്. കൽക്ക ത്തയിൽ വളരെ പേരുടെ പൂജകൾ നടക്കുന്നുണ്ട്. ചിലർ ചിലരെ, വേറെ ചിലർ വേറെ ചിലരെ പൂജിക്കു ന്നവരാണ്. വൈഷ്ണവ ദേവിയെ പൂജിക്കുന്നവരും ഉണ്ടാകും. അവർ നിങ്ങൾ പറയുന്ന കാര്യങ്ങൾ പെട്ടെന്ന് മനസ്സിലാക്കും. അവരോട് പറയൂ, നിങ്ങൾക്ക് രാജ്യഭാഗ്യം ലഭിച്ചിരുന്നു, ഈ ജഗത് അംബയിലൂ ടെ. ജഗത് അംബക്ക് എവിടെ നിന്നാണ് ലഭിച്ചത്? ജഗത് പിതാവിൽ നിന്ന്. അദ്ദേഹത്തിന് എവിടെ നിന്ന് ലഭിച്ചു? ശിവബാബയിൽ നിന്ന്. ശിവ ബാബയാണ് മുഴുവൻ സൃഷ്ടിയുടേയും രചയിതാവ്, നിങ്ങൾക്ക് നല്ല രീതിയിൽ പറഞ്ഞു കൊടുക്കാൻ കഴിയും. ജഗത് അംബയെ എല്ലാവരും മാനിക്കുന്നു. തീർച്ചയായും ജഗത് അംബക്കും ജഗത് പിതാവിനും സമ്പത്ത് ശിവബാബയിൽ നിന്നാണ് ലഭിക്കുന്നത്, പിന്നീട് അവരി ലൂടെ കുട്ടികൾക്കും ലഭിക്കുന്നു. ജഗത് അംബ ഒന്നു മാത്രമാണ്, രണ്ടുകൈകളുള്ളവൾ, അനേകം കൈക ളില്ല. സരസ്വതി, ബ്രഹ്മാവിന്റെ പുത്രി, ജ്ഞാന ജ്ഞാനേശ്വരിയാണ്. എന്നാൽ അവരുടെ രൂപം ഭയാനകമാ യാണ് കാണിച്ചിരിക്കുന്നത്. അതുകൊണ്ട് ഇതും പറഞ്ഞുകൊടുക്കണം, അതായത് ജഗത് അംബയുടെ രൂപം അങ്ങിനെ ഭയാനകമല്ലായെന്ന്. സതോപ്രധാന മനുഷ്യർ തമോ പ്രധാനമായി മാറുന്നു. തമോപ്രധാന മനുഷ്യർ സതോപ്രധാന മനുഷ്യരുടെ പൂജ ചെയ്യുന്നു. ജഗത് അംബയും മനുഷ്യനാണ്, എന്തുകൊണ്ടെ ന്നാൽ ജഗത് (ലോകം) ഇവിടെയാണ്. മൂല വതനത്തെയും സൂക്ഷ്മ വതനത്തെയും ജഗത് എന്നു പറയു കയില്ല. സൂക്ഷ്മ വതനത്തിൽ ദേവതകളും മൂലവതനത്തിൽ ആത്മാക്കളും വസിക്കുന്നു. അതുകൊണ്ട് ഈ കാര്യങ്ങളെല്ലാം തന്നെ മനസ്സിലാക്കിക്കൊടുക്കണം. ബാക്കി, ബാബയേയും സമ്പത്തിനേയും ഓർമ്മി ക്കണം. 84 ജന്മങ്ങളുടെ കഥ ഭാരതവാസികൾക്കുതന്നെയാണ് പറഞ്ഞുകൊടുക്കേണ്ടത്. ആരായിരു ന്നുവോ ദേവതകൾ, അവർ ഇപ്പോൾ ഇല്ല. ആരാണോ ദേവി-ദേവതകളുടെ പൂജാരികൾ അവർ മാത്രമേ ഈ കാര്യങ്ങൾ മനസ്സിലാക്കുകയുള്ളൂ. അവർ ഉയർന്ന പദവി പ്രാപ്തമാക്കുന്നതിനു വേണ്ടി പുരു ഷാർത്ഥവും ചെയ്യും. ചില കുട്ടികൾ കരുതുകയാണ്, നാം ബാബയുടെ കുട്ടിയായി മാറിയല്ലോ, തീർച്ച യായും ഉയർന്ന പദവി ലഭിക്കും. എന്നാൽ ചിന്തിച്ചോളു, നല്ലരീതിയിൽ പഠിച്ചാൽ മാത്രമേ ഉയർന്ന പദവി ലഭിക്കുകയുള്ളൂ. പഠിക്കാതെ പിന്നെയും വികർമ്മങ്ങൾ ചെയ്യുകയാണെങ്കിൽ, ശിക്ഷകൾ അനുഭവിക്കേണ്ടി വരും, പിന്നെ ദാസ-ദാസിമാരായി മാറുകയും ചെയ്യും കാരണം വികർമ്മങ്ങളുടെ ഭാരം വളരെയുണ്ട്. ജന്മ-ജന്മാന്തരം ദാസിയായി, അവസാനം എന്തെങ്കിലും പദവി ലഭിച്ചിട്ടെന്തു കാര്യം? ഇതിനെക്കാളും നല്ലത് പ്രജയാകുകയാണ്, കാരണം നിറയെ ധനം ലഭിക്കുന്നു. അവർ ആരുടേയും ദാസ-ദാസിമാരാകു ന്നില്ല. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ബാക്കി മുഖ്യമായ കാര്യം ബാബ മനസ്സിലാക്കിത്തരിക യായിരുന്നു, വൈഷ്ണവ ദേവി തന്നെയാണ് ലക്ഷ്മിയായി മാറുന്നത്. ലക്ഷ്മിയുടെ ക്ഷേത്രമാണോ വലുത് അതോ വൈഷ്ണവ ദേവിയുടെ ക്ഷേത്രമാണോ വലുത്? ആർക്കാണ് കൂടുതൽ മഹിമ? അവർ ജ്ഞാനജ്ഞാനേശ്വരിയാണ്, ലക്ഷ്മിയെ ജ്ഞാനജ്ഞാനേശ്വരി എന്നു പറയുകയില്ല, അതുകൊണ്ട് ജഗത് അംബയുടെ മഹിമയാണ് അധികം. അവരുടെയാണ് വലിയ മേളയും. ലക്ഷ്മിയെ ദീപാവലിയിലാണ് വിളി ക്കുന്നത്. ഇത് ആത്മാക്കളും പരമാത്മാവും തമ്മിലുള്ള കൂടിക്കാഴ്ചയാണ്. ഒരു മനുഷ്യനും ഈ കാര്യങ്ങ ളൊന്നും തന്നെ അറിയുകയില്ല. മനസ്സിലാക്കിക്കൊടുക്കുന്നവരും നല്ല മിടുക്കന്മാരാകണം. യുക്തിയോടെ സ്നേഹത്തോടുകൂടി മനസ്സിലാക്കിക്കൊടുക്കണം. ആരെങ്കിലും മനസ്സിലാക്കുകയാണെങ്കിൽ അവർ പറയും ഇവർ ശരിക്ക് മനസ്സിലാക്കിത്തരുന്നു. ശ്രീ ലക്ഷ്മി എത്ര സുന്ദരിയായിരുന്നു! ലക്ഷ്മീ-നാരായണന്റെ പൂജ ചെയ്യുന്നവരും പക്ക വൈഷ്ണവരാണ്. ജഗത് അംബയും വൈഷ്ണവിയാണ്. ബാബ അവരെ രാജ യോഗം പഠിപ്പിച്ച് മനുഷ്യനിൽ നിന്ന് ദേവതയാക്കിയിരിക്കുകയാണ്. നിങ്ങളുടെ പൂജ ഇപ്പോൾ ഉണ്ടാകുക യില്ല, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ശരീരം പവിത്രമല്ല. നിങ്ങൾ സമ്പൂർണ്ണമായി മാറുമ്പോൾ നിങ്ങ ളുടെ ശരീരവും മാറുന്നു, അപ്പോൾ നിങ്ങൾ പൂജക്ക് യോഗ്യരായി മാറുന്നു. വാസ്തവത്തിൽ സന്യാസി മാരുടെ പൂജ ചെയ്യാൻ പാടില്ല. അവരിപ്പോൾ, ശിവോഹം എന്ന് പറഞ്ഞ് തങ്ങളുടെ പൂജ ചെയ്യിപ്പിക്കുക യാണ്. അവരിലും ഒരു വിഭാഗമുണ്ട്, അവർ തങ്ങളുടെ പൂജ ചെയ്യിപ്പിക്കുകയില്ല. ശിവനാണെങ്കിൽ നിരാ

കാരനാണ്, എങ്ങിനെ തന്റെ പൂജ ചെയ്യിപ്പിക്കും. നോക്കൂ, ശിവബാബ, ഈ ശരീരത്തിൽ വരുന്നു, തന്റെ പൂജ ചെയ്യിപ്പിക്കുന്നുണ്ടോ. ബാബ വന്ന് പൂജാരിയിൽ നിന്ന് പൂജ്യരാക്കി മാറ്റുകയാണ്. പൂജചെയ്യാൻ എങ്ങിനെ പഠിപ്പിക്കും! ശിവബാബ ഒന്നും ചെയ്യാൻ അനുവദിക്കുകയില്ല. രാമ, രാമ എന്നുപോലും പറയരുതെന്നാണ് നിർദ്ദേശിക്കുന്നത്. കേവലം ബാബയെ മാത്രം ഓർമ്മിക്കണം. ഓർമ്മിക്കുക എന്നത് ജപിക്കലല്ല. കുട്ടികൾ അച്ഛനിൽ നിന്ന് സമ്പത്തെടുക്കുകയാണ്. കുട്ടികൾ അച്ഛന്റെ പേര് പറഞ്ഞ് ജപിക്കുമോ. നിങ്ങൾക്കും ജപിക്കേണ്ട കാര്യമില്ല. ജപിക്കലും ഓർമ്മിക്കലും തമ്മിൽ രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. പറഞ്ഞു കൊടുക്കാൻ വളരെയധികം പോയിന്റുകൾ ലഭിക്കുന്നുണ്ട്. ഈ കാര്യവും മനസ്സിലാക്കണം, അതായത് ഇതു അച്ഛനാണ്. ഈ അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സമ്പത്തും ലൗകിക അച്ഛനിൽ നിന്ന് പരിധിയുള്ള സമ്പത്തുമാണ് ലഭിക്കുന്നത്. ഈ പാർലൗകിക പിതാവ് കല്പം മുമ്പെയും സമ്പത്ത് നൽകിയിരുന്നു, ഇപ്പോൾ നൽകാൻ വേണ്ടി വീണ്ടും വന്നിരിക്കുകയാണ്. ബുദ്ധിയിൽ മുഴുവൻ ജ്ഞാനവും കറങ്ങിക്കൊണ്ടിരിക്കണം, ഇതുകൊണ്ടാണ് മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നത്. നോക്കൂ, ജ്ഞാനമാർഗ്ഗത്തിൽ പറഞ്ഞുകൊടുക്കുവാൻ നല്ല പരിശ്രമം ആവശ്യമാണ്. ഇതുകൊണ്ട് മനുഷ്യരുടെ ജീവിതം രത്നതുല്യമായി മാറുന്നു. ദുഃഖിതരായവർ വളരെയുണ്ട്, അന്യോന്യം കലഹിച്ചുകൊണ്ടിരിക്കുകയാണ്. ബാബ വന്ന് ഈശ്വരീയ സമ്പ്രദായക്കാരാക്കി മാറ്റി പിന്നീട് ദേവീ സമ്പ്രദായക്കാരാക്കി മാറ്റുന്നു. അതുകൊണ്ട് യുദ്ധത്തിന്റെയും മറ്റും കാര്യം തന്നെയില്ല. ഈശ്വരീയ ദർബാറിൽ ഒരു ആസുരീയ സമ്പ്രദായക്കാർക്കും ഇരിക്കാൻ കഴിയുകയില്ല. വികാരി മനുഷ്യർക്ക് ഇവിടെ ഇരിക്കാനുള്ള അനുവാദമില്ല. ബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ് കുട്ടികളേ, ഒരിക്കലും അന്യോന്യം വഴക്കടിക്കരുത്. സത്ഗുരുവിന്റെ നിന്ദകർക്ക് ഒരിക്കലും ഗതി കിട്ടുകയില്ല, അതായത് സത്യയുഗത്തിൽ ഉയർന്ന പദവി ലഭിക്കുകയില്ല. സത്ഗുരു, ആരാണോ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റുന്നത്, അദ്ദേഹത്തെ നിന്ദിക്കുന്നവർക്ക് ഉയർന്ന പദവി ലഭിക്കുകയില്ല. ഇതെല്ലാം ഇവിടത്തെ കാര്യമാണ്. എന്നാൽ അവർ അത് സ്വയത്തിനുമുകളിൽ വെച്ചിരിക്കുകയാണ്, മനുഷ്യരെ പേടിപ്പിക്കുകയാണ്. ഇവിടെ പൂർണ്ണമായും പവിത്രമായിമാറണം. അവർ ഗുരുവിനെ സ്വീകരിക്കുന്നു, പക്ഷെ പവിത്രമായി മാറുന്നില്ല. കുടുംബസ്ഥരെ ഗുരുവാക്കുന്നതിൽ യാതൊരു പ്രയോജനവുമില്ല. ഇത് പ്രജകളുടെ രാജ്യമാണ്, ദേവീക രാജ്യം സ്ഥാപിക്കുന്നവർ സമർത്ഥരാകണം. ബാബ വന്നിരിക്കുകയാണ്, ആസുരീയ ലോകത്തെ പരിവർത്തനപ്പെടുത്തി ദേവീക രാജ്യമാക്കുന്നതിന്. ദേവീക ധർമ്മത്തിന്റെ സ്ഥാപന നടക്കും, ബാക്കി സർവ്വ ധർമ്മങ്ങളും നാമാവശേഷമാകും. പറയുന്നുണ്ട് ഭഗവാൻ വന്ന് ഫലം തരുമെന്ന്. ഇതിൽ നിന്നും തെളിയുകയാണ് ആർക്കും നിർവാണധാമത്തിലേക്ക് പോകുവാൻ കഴിയുകയില്ല. ബാബ തന്നെ വന്നാണ് രാജയോഗം പഠിപ്പിക്കുന്നത്. ബാബ പറയുകയാണ് ഞാൻ നിങ്ങളുടെ പരമപിതാ പരമാത്മാവാണ്. എന്നിൽ മാത്രമാണ് മുഴുവൻ ജ്ഞാനവുമുള്ളത്. എന്നെത്തന്നെയാണ് പതിത പാവനൻ എന്നു പറയുന്നത്. ഞാൻ തന്നെയാണ് നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നത്. നിങ്ങൾക്ക് പിന്നീട് മറ്റുള്ളവരെ പഠിപ്പിക്കണം. പഠിപ്പിക്കുന്നവരെല്ലാം ഒരുപോലെയല്ല. എല്ലാ കാര്യങ്ങളും എഴുതി വെക്കണം. നല്ലവണ്ണം പ്രഭാഷണം ചെയ്യുന്നവർക്കും എല്ലാ പോയിന്റുകളും ആ സമയത്ത് ഓർമ്മ വരില്ല. പിന്നീടാണ് ഓർമ്മ വരുന്നത് –ഇത് കേൾപ്പിക്കേണ്ടതായിരുന്നു. തീർച്ചയായും പോയിന്റുകൾ നോട്ടുചെയ്യണം. ഇങ്ങനെയും ആകരുത്, എഴുതിവെച്ചു, പക്ഷെ വായിക്കുന്നില്ല. ശ്രീമതപ്രകാരം നടന്നാൽ മാത്രമേ ധാരണയുണ്ടാകുകയുള്ളൂ. അതിരാവിലെ അമൃതവേളയിൽ ബാബയെ തീർച്ചയായും ഓർമ്മിക്കണം. പിന്നീട് പോയിന്റുകൾ വായിച്ച് പഠിക്കണം, മറ്റുള്ളവരെ കേൾപ്പിക്കണം, അപ്പോൾ മാത്രമേ ഉയർന്ന പദവി ലഭിക്കൂ. രാജാവായി മാറുക എന്നത് അമ്മായിയുടെ വീട്ടിൽ പോകുന്നപോലെയല്ല. മനസ്സിലായോ. പരിശ്രമം ചെയ്യുക തന്നെ വേണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:–

1. പൂജ്യരായി മാറുന്നതിനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. തന്റെ പൂജ ചെയ്യിപ്പിക്കരുത്. ആത്മാവും ശരീരവും പവിത്രമാകുമ്പോൾ മാത്രമേ പൂജക്ക് യോഗ്യരാകുകയുള്ളൂ.

2. സമർത്ഥതയോടെ വിവേകശാലികളായി മാറി മംഗളഭാവനയോടെ സേവനം ചെയ്യണം. ദൈവീകഗുണമുള്ള സത്യമായ വൈഷ്ണവനായി മാറണം.

**വരദാനം:- പരമാത്മാ സ്നേഹത്തിൽ ഭൂമിയിലെ ആകർഷണങ്ങളിൽ നിന്ന് ഉപരി പറക്കുന്ന മായാപ്രൂഫ് ആയി ഭവിക്കട്ടെ.**

പരമാത്മാ സ്നേഹം ഭൂമിയിലെ ആകർഷണങ്ങൾക്ക് ഉപരിയായി പറക്കുന്നതിനുള്ള മാർഗ്ഗമാണ്. ആര് ഭൂമി അതായത് ദേഹാഭിമാനത്തിന്റെ ആകർഷണത്തിന് ഉപരിയായി ഇരിക്കുന്നുവോ അവരെ മായക്ക് തനിക്ക് നേരെ ആകർഷിക്കാൻ സാധിക്കില്ല. എത്രതന്നെ ഏതെങ്കിലും ആകർഷണരൂപമായാലും മായയുടെ ആകർഷണം താങ്കൾ പറക്കുന്ന കലയുള്ളവരുടെ സമീപത്ത് എത്താൻ സാധിക്കില്ല. റോക്കറ്റ് ഭൂമിയുടെ ആകർഷണങ്ങൾക്ക് ഉപരി പോകുന്നത് പോലെ താങ്കളും ഉപരി പോകൂ. ഇതിനുള്ള വിധിയാണ്, നിർമ്മോഹിയായിരിക്കുക അഥവാ ഒരു ബാബയുടെ സ്നേഹത്തിൽ അലിഞ്ഞിരിക്കുക- ഇതിലൂടെ മായാപ്രൂഫ് ആയി മാറും.

**സ്ലോഗൻ:- സ്വസ്ഥിതിയെ അത്രയും ശക്തിശാലിയാക്കി മാറ്റൂ, അതിലൂടെ പരിസ്ഥിതികൾക്ക് അതിനെ കീഴ്മേൽ മറിക്കാൻ സാധിക്കരുത്.**

## അമൂല്യ ജ്ഞാനരത്നങ്ങൾ (ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന്)

ജ്ഞാനം തന്നെയാണ് സന്തോഷത്തിന്റെ ഫൗണ്ടേഷൻ അഥവാ വേര്, ഈ ഫൗണ്ടേഷനിൽ തന്നെയാണ് മുഴുവൻ ജീവിതമാകുന്ന വൃക്ഷത്തിന്റെയും നിലനിൽപ്പ്. അഥവാ ഫൗണ്ടേഷൻ ഉറപ്പുള്ളതല്ലെങ്കിൽ ആ സന്തോഷം അൽപ്പകാലത്തേക്കേ നിലനിൽക്കൂ. മായാവീ മനുഷ്യർ പറയാറുണ്ടല്ലോ, ഞങ്ങൾ സന്തോഷത്തിലാണ്, കാരണം ഞങ്ങളുടെ കൈവശം എല്ലാ ധനവും വൈഭവങ്ങളും ഉണ്ട്. പക്ഷെ നമുക്കറിയാം അവർക്ക് സദാ കാലത്തേക്ക് സ്ഥായിയായ സന്തോഷത്തിലിരിക്കാൻ സാധിക്കില്ല, എന്തുകൊണ്ടെന്നാൽ അവരുടെ കൈവശം ജ്ഞാനത്തിന്റെ അടിത്തറ തന്നെയില്ലെന്ന്. ഒരു സമ്പന്നൻ ഒരു പഴം കഴിച്ചുകൊണ്ടിരിക്കുകയും അതിന്റെ തൊലി വലിച്ചെറിഞ്ഞത് ഒരു ദരിദ്രൻ എടുത്ത് ഇപ്രകാരം സന്തോഷിക്കുകയാണ്, അതായത് എന്റെ കൈവശവും പഴമുണ്ട്, പക്ഷെ വാസ്തവത്തിൽ പഴം ഉടമസ്ഥനാണല്ലോ കഴിക്കുന്നത്. അതേപോലെ നാം മായാവീ സുഖങ്ങളെ തുച്ഛമെന്ന് മനസ്സിലാക്കി ഈ അവിനാശീ ജ്ഞാനത്തിലൂടെ സ്ഥായിയായ ഈശ്വരീയ അതീന്ദ്രിയ സുഖം പ്രാപ്തമാക്കിക്കൊണ്ടിരിക്കുകയാണെന്നും അവർ പിന്നെ വാസ്തവത്തിൽ ഒരു സുഖവുമില്ലാത്ത അൽപകാല ക്ഷണഭംഗുര സുഖം തരുന്ന മായയുടെ പുറകെ പോയി , അതിന്റെ സുഖമെടുത്ത് അത് തന്നെയാണ് സുഖമെന്ന് കരുതിയിരിക്കുകയാണ്, മാത്രമല്ല ഞങ്ങളുടെ കൈവശവും ഏതോ വൈഭവങ്ങളുണ്ട് എന്ന അഹങ്കാരത്തിലുമിരിക്കുകയാണ്. ഓം ശാന്തി.